# പുളിമാനയുടെ സമത്വവാദി

സി. ജെ. തോമസ്



പുളിമാനയുടെ സമത്വവാദി
സി. ജെ. തോമസ്
(മലയാളം: ലേഖനം)

© 2021, C. J. Thomas

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Landscape with a Stone Bridge, a painting by Rembrandt (1606–1669). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പുളിമാനയുടെ സമത്വവാദി



പുളിമാന പരമേശരൻപിള്ള

വളരെക്കാലമായി മുടങ്ങിക്കിടന്നിരുന്ന ഒരു കർത്തവ്യം നിർവഹിക്കുകയാണ് ഞാനിവിടെ ചെയ്യുന്നത്. ശ്രീ. പുളിമാന പരമേശരൻപിള്ള, അദ്ദേഹത്തിന്റെ "സമത്വവാദി" എന്ന നാടകം അച്ചടിച്ചുകൊണ്ടിരുന്നപ്പോൾ, അതിനെപ്പറ്റി ഒരു നിരൂപണമെഴുതണമെന്ന എന്നോട് ആവശ്യപ്പെട്ടു. ആ കൃതിയിൽ അദ്ദേഹം പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളെ സംബന്ധിച്ച കുറെയൊക്കെ അദ്ദേഹം എന്നോടു സംസാരിക്കുകയുണ്ടായി. കഥാവസ്തു എന്നെ അതിയായി ആകർഷിച്ചതുകൊണ്ടു ഞാൻ അദ്ദേഹത്തിനു വാക്കുകൊടുത്തു. അച്ചടി കഴിഞ്ഞ ഉടനെ പുസ്തകം എനിക്കയച്ചു തരുകയും ചെയ്തു. പക്ഷേ, ഞാൻ എന്റെ വാഗ്ദാനം നിറവേറ്റിയില്ല. അതിനു കാരണം എന്റെ ഭീരുത്വം മാത്രമായിരുന്നു. ഞാൻ ആ പുസ്തകം പല സ്നേഹിതന്മാരേയും കാണിച്ചു. അവരെല്ലാം അതിനെ പുച്ഛിച്ചു. ചിലരോടു ഞാൻ അതിനെപ്പറ്റി അല്പം പ്രശംസിച്ചു പറഞ്ഞു. അവരിൽനിന്നു രക്ഷപ്പെടാൻവേണ്ടി, ഞാൻ "സമത്വവാദി"യെ തള്ളിപ്പറയേണ്ടതായും വന്നുകൂടി. അത്ര ഭയങ്കരമായിരുന്നു, അവരുടെ ഖണ്ഡനം. ചുരുക്കിപ്പറഞ്ഞാൽ അന്നു യാതൊരാളും "സമത്വവാദി"യെ സ്വാഗതം ചെയ്തില്ല. ആർക്കും വേണ്ടാത്ത ഒന്നിനെ താങ്ങി നിറുത്തുവാൻ മാത്രം എന്റെ ചുമലിനു ബലവുമുണ്ടായിരുന്നില്ല. വാഗ്ദത്തലംഘനത്തിനു സ്വന്തം അജ്ഞത ഒരു ഉപായമാക്കി ഞാൻ സ്വയം നീതീകരിച്ചു. ഞാൻ "സമത്വവാദി" പിന്നേയും പിന്നേയും വായിച്ചു. നാടകം നല്ലതാണെന്ന ബോധം എന്നിൽ ശക്തിപ്പെട്ടുവന്നു. ചുരുക്കം ചില സ്നേഹിതന്മാർ അതിന്റെ മേന്മയെ മനസ്സിലാക്കുകയും ചെയ്തു. മുമ്പുചെയ്ത വാഗ്ദാനം പാലിക്കണമെന്നു ഞാൻ തീരുമാനിച്ചു. പിന്നീട് ഓരോ കാരണങ്ങളാൽ അക്കാര്യം നീണ്ടുനീണ്ടു പോയി. വിധിവൈപരീത്യത്താൽ, അദ്ദേഹം യശഃശരീരനായിത്തീർന്നതിനുശേഷമാണ് ആ തീരുമാനം പ്രയോഗത്തിൽ വരുത്താൻ കഴിഞ്ഞിരിക്കുന്നത്. ഭീരുത്വംകൊണ്ടു ചെയ്ത അപരാധത്തിന് അദ്ദേഹം എനിക്കു മാപ്പനല്കട്ടെ.

ശ്രീ. പുളിമാന സംതൃപ്തനായിട്ടല്ല മരിച്ചതെന്നാണു ഞാനൂഹിക്കുന്നത്. യൗവ്വനത്തിൽത്തന്നെ ആ അത്യാഹിതം സംഭവിച്ചതുകൊണ്ടല്ല ഞാനിതു പറയുന്നത്. അദ്ദേഹം ഏറ്റവും സ്നേഹിച്ചകൃതി "സമത്വവാദി"യായിരുന്നു. വളരെയധികം ഗഹനചിന്തകൾ അതിൽ അദ്ദേഹം അടക്കം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ പുരോഗമനേച്ഛ മുഴുവനും "സമത്വവാദി" പ്രതിഫലിപ്പിക്കുന്നുണ്ട്. ആ ചിന്തകൾക്കൊന്നിനും നാടകത്തിൽ വ്യക്തമായ രൂപം ലഭിച്ചിട്ടില്ലെന്ന് ഒരു വാദം ഉന്നയിക്കപ്പെട്ടേക്കാം. ഇല്ലായിരിക്കാം. അതുകൊണ്ടുതന്നെയാണ് ഈ വിമർശനം എഴുതേണ്ടി വന്നിരിക്കുന്നതും. അദ്ദേഹം എന്തുദ്ദേശിച്ചുവെന്ന് ഒന്നു വിശദീകരിക്കുകയാണ് എന്റെ ചുമതല. ചോദ്യോത്തരരൂപത്തിൽ ഒരു ചിന്താവിഷയം വിശദീകരിക്കുന്ന ഏർപ്പാട് നാടകമാവുമെന്നു ശ്രീ. പുളിമാന ധരിച്ചിട്ടുമില്ലായിരുന്നു. പ്രകടനരീതി, എങ്ങിനെയുമിരിക്കട്ടെ. "സമത്വവാദി"യുടെ വിഷയത്തെക്കുറിച്ചാണു തൽകർത്താവിന് ഏറ്റവും വേദനയുണ്ടായിരിക്കാവുന്നത്. വിഷയം പുരോഗമനപരമാണെങ്കിലും പുരോഗമനവാദികൾ അതിനെ അംഗീകരിച്ചില്ല എന്നതാണ് "സമത്വവാദിയുടെ നിർഭാഗ്യം." അന്നു ഞാൻ അതിനു കാരണമായിക്കണ്ടതു പ്രകടനരീതിയുടെ കഴിവില്ലായ്മയാണ്. എന്നാൽ, വായിച്ചവരുടെ ആസ്വാദനശക്തിയുടെ കുറവാണ് അതിനു കാരണമെന്നു പിന്നീടു മനസ്സിലായി. കഥാബീജത്തിന്റേയും, അനർഘനിമിഷത്തിന്റേയും, ശബ്ദങ്ങളുടേയും അനുഭവങ്ങൾ എന്റെ ധാരണയെ ദൃഢീകരിച്ചു. സാധാരണയിൽനിന്നു ഭിന്നമായ കലാരൂപങ്ങൾക്കെല്ലാം, പിക്കാസോയുടെ ചിത്രമായാലും ഓമറിന്റെ കവിതയായാലും മാധവന്റെ നൃത്തമായാലും, ആസ്വാദനത്തിന് അല്പം വിശദീകരണം കൂടിയേ തീരൂ. "സമത്വവാദി"യാണെങ്കിൽ പലതരത്തിലും അസാധാരണമായ ഒരു നാടകവുമാണ്. അതുകൊണ്ട് അത് അത്രയ്ക്കുവേഗം മനസ്സിലാകുന്നതല്ല, നമ്മുടെ ചില പേരെടുത്ത സാഹിത്യവിമർശകന്മാർക്കുപോലും.

എന്താണ് "സമത്വവാദി"യിലെ കഥാവസ്തു? സാമൂഹ്യവിപ്ലവ പ്രവാഹത്തിൽപെട്ട് തകർന്നുപൊടിയുന്ന പ്രഭുവർഗ്ഗത്തിലെ ഒരു കുടുംബം. ആ കുടുംബത്തിന്റെ ഘടനയും അതിലെ അംഗങ്ങളും മാത്രമല്ല മാറുകയും തകരുകയും ചെയ്യുന്നത്. അവരുടെ ജീവിതരീതിയും, വിശ്വാസപ്രമാണങ്ങളും, കടപ്പാടുകളും എല്ലാം അപ്രതിഹതമായ പരിവർത്തനത്തിനിരയാകുന്നുണ്ട്. "സമത്വവാദി"യിൽ കാണുന്ന പ്രഭുത്വം ഫ്യൂഡലിസത്തിനോ മുതലാളിത്തത്തിനോ പ്രതിനിധീഭവിക്കുന്നതെന്ന് ഒരു ചോദ്യത്തിനവകാശമുണ്ട്. അതു വ്യക്തമായി കാണിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ള ഒരു തെറ്റു തീർച്ചയായും ഈ നാടകത്തിലുണ്ട്. 'പ്രതിശ്രുതനായ കാമുകനും' മറ്റു അനുസാരികളുമായി ചിത്രീകരിക്കപ്പെട്ടിരിക്കുന്ന ആ കുടുംബം ഒരു ഇംഗ്ലീഷ് പ്രഭുകുടുംബത്തോട് അന്യാദൃശമായ സാമ്യം വഹിക്കുന്നുണ്ടെന്നുള്ളതു പരമാർത്ഥമാണ്. ബൂർഷ്വാകുടുംബത്തിന്റെ അവശ്യസ്വഭാവഗതികൾ പലതും അവിടെ കാണുന്നില്ലെന്നും പറയേണ്ടിയിരിക്കുന്നു. എങ്കിലും, നശിക്കുന്ന ആ വ്യവസ്ഥയോടു പോരടിക്കുന്നത് ഒരു "സമത്വവാദി"യായതുകൊണ്ട് (നാമമാത്രമെങ്കിലും) ഈ നാടകത്തിലെ പ്രഭു മുതലാളിത്തത്തിന്റെ സിംബലായാണ് നാം ഗണിക്കേണ്ടതു്. പ്രത്യേകിച്ചും മലയാളനാട്ടിലെ പ്രത്യേകപരിതസ്ഥിതികളും ഓർമ്മിക്കേണ്ടതാണ്. ഇവിടെ ഫ്യൂഡലിസവും, കാപ്പിറ്റലിസവും ഒരു കുടുംബത്തിൽതന്നെ കൂടിക്കുഴഞ്ഞുകിടക്കുന്നുണ്ട്. ആ നിലയ്ക്കു പണത്തിന്റേയും പ്രതാപത്തിന്റേയും കുത്തകക്കാരായ ന്യൂനപക്ഷത്തിന്റെ പ്രതിനിധിയായി രംഗപ്രവേശം ചെയ്യുന്ന പ്രഭു, അതും ഒരു എക്സ്പ്രഷനിസ്റ്റ് നാടകത്തിൽ ബാങ്കറോ, നമ്പൂതിരി ജന്മിയോ എന്നു തിട്ടപ്പെടുത്താൻ കഴിയാതെവരുന്നെങ്കിൽ അതിലത്ഭുതത്തിനവകാശമില്ല.

നശിക്കുന്ന ശക്തിയെ ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിലും, ഉയരുന്നതെന്താണെന്നു പ്രഖ്യാപിച്ചിട്ടില്ല എന്നതാണ് പലരും "സമത്വവാദി"യെപ്പറ്റി കൊണ്ടുവരുന്ന ആരോപണം. മാത്രമല്ല, ശ്രീ. പുളിമാന ഉയരുന്ന ഒന്നിലും വിശ്വസിക്കാത്ത ഒരു വിഷാദാത്മകനാണെന്നുകൂടി ചിലർ അഭിപ്രായപ്പെട്ടു. സമത്വവാദിയുടെ ആ ഹാസ്യചിത്രത്തിൽ പ്രതിഷേധിക്കുകയും ചെയ്തു. ഈ ചാർജ്ജ് ഷീറ്റുതന്നെയാണ് ശ്രീ. പുളിമാനയ്ക്കുള്ള പ്രശംസാപത്രം. അദ്ദേഹം തൊഴിലാളിവർഗ്ഗത്തിന്റെ വിപ്ലവസ്വഭാവം ഗ്രഹിച്ചിരുന്നോ എന്നെനിക്കറിഞ്ഞുകൂടാ പക്ഷേ, മുതലാളിത്തത്തിന് അവശേഷിക്കുവാൻ കഴിയുകയില്ല, അതിന് അവകാശമില്ല, എന്ന് അദ്ദേഹംതന്നെ പറഞ്ഞിട്ടുണ്ട്. അദ്ദേഹം ഒന്നുകൂടി വിശ്വസിച്ചിരുന്നു; പ്രഭുവർഗ്ഗത്തിന്റെ ചങ്ങലക്കൂട്ടിൽ കിടന്നു ലഹളയുണ്ടാക്കുന്ന ആദർശശാലികളായ യുവാക്കന്മാരുടെ കൈയിലല്ല ഭാവിയുടെ ഉത്തരവാദിത്വം എന്ന്. അവരിൽ ഭൂരിഭാഗവും പരാജയമടയുമെന്നതുതന്നെയാണ് "സമത്വവാദി'യിലെ പ്രധാന പ്രമേയം. പോക്കറ്റിൽകൂടി പുറത്തേയ്ക്കുന്തിനില്ക്കുന്ന കൈത്തോക്കുമായി ഭാവിശ്വശുരനെ വധിച്ച് മുതലാളിത്തത്തെ നശിപ്പിക്കാൻ പുറപ്പെട്ടിരിക്കുന്ന ആ "സമത്വവാദി" ഒരു വിപ്ലവകാരിയല്ല; ആണെന്നു നാടകകൃത്ത് ഒരിക്കലും സങ്കല്പിച്ചിട്ടില്ല. ആദർശശാലികളായ ഒട്ടേറെ യുവാക്കന്മാർ മുതലാളിവർഗ്ഗത്തിൽ ഉണ്ടാകാറുണ്ട്. പക്ഷേ, സാധാരണയായി അവരിൽ മുക്കാൽപങ്കും, ഉദ്യോഗം, വിവാഹം എന്ന പടികൾ കടക്കുമ്പോഴേയ്ക്കും കക്ഷിമാറുന്നു. പിന്നേയും അവശേഷിക്കുന്നവരും ശാസ്ത്രീയമായ രാഷ്ട്രീയതത്ത്വചിന്തയിലെത്തുകയോ വിപ്ലവപ്രവർത്തനത്തിലേർപ്പെടുകയോ ചെയ്യാറില്ല. ചുരുക്കം ചിലരൊഴിച്ച മറ്റുള്ളവർ സ്വപ്നഭ്രമക്കാരായോ ഭീകരപ്രസ്ഥാനക്കാരായോ തീരുന്നു. അവരെ ഭരിക്കുന്നതു തലച്ചോറല്ല, വികാരങ്ങളാണ്. അതിന്റെ തീക്ഷ്ണതയും, ഉപരിപ്ലവസ്വഭാവവും, ഭോഷത്തവും എല്ലാം അവരിൽ കാണാം. അവരുടെ പരാജയത്തിന്റെ ഒരു പ്രതിരൂപമാണ് ഈ നാടകത്തിലെ "സമത്വവാദി". പ്രഭുവിന്റെ ചൂഷണമവസാനിപ്പിക്കാൻ അയാൾ കണ്ടുപിടിക്കുന്ന മാർഗ്ഗം അയാളെ വെടിവെച്ചു കൊല്ലുകയെന്നതാണ്. അതേസമയം ആ കൃത്യം നിർവഹിക്കാനുള്ള ചങ്കുറപ്പ് ആ സാധുവിനില്ല. അങ്ങിനെ പ്രയോജനശൂന്യമായ ഒരു ലക്ഷ്യം, അതു നിർവഹിക്കേണ്ടിവരുമ്പോഴുള്ള അസ്ഥിരത, അതെല്ലാം കഴിഞ്ഞു ഏതാണ്ട് ഭ്രാന്തിന്റെ അവസ്ഥയിൽ ആ ഹീനകൃത്യം ചെയ്യുക, ഉടനെ പശ്ചാത്തപിക്കുക, അവസാനം ദയനീയമായി അധഃപതിക്കുക, ഇങ്ങനെ ഓരോ പടിയിലും ഒരു സമത്വവാദി ചെയ്യാത്തതുതന്നെയാണ് ഈ നാടകത്തിലെ നാമധാരി ചെയ്യുന്നത്. അയാൾ വിപ്ലവകാരിയാണെന്നു സ്വയം ഭ്രമിക്കുന്നുണ്ടെങ്കിലും അതിന് അയാൾക്കു കഴിവില്ലെന്നു സ്ഥാപിക്കുകയാണ് നാടകകൃത്തിന്റെ ഉദ്ദേശ്യം. അതിനുവേണ്ടിത്തന്നെയാണ് പ്രഭുവിനെ വധിക്കുന്ന സംഭവത്തിന് ഇത്രയധികം പ്രാധാന്യം കൊടുത്തിരിക്കുന്നതും. വേണ്ടിവന്നാൽ കൊലയ്ക്കുപോലും കൈവിറയ്ക്കാത്ത ഹൃദയസ്ഥിരത തന്നെ ഒരു വിപ്ലവകാരിക്കുണ്ടായിരിക്കണമെന്നും, അതിന് അത്യഗാധമായ പ്രചോദനമുണ്ടായിരിക്കണമെന്നും നാടകകൃത്ത് മനസ്സിലാക്കിയിരുന്നു. അതോടൊപ്പം തന്നെ ഒരു പ്രഭുകുമാരന് അതുണ്ടാവുകയില്ലെന്നും അദ്ദേഹത്തിനുതോന്നി. വർഗ്ഗബോധമെന്ന പദം ശ്രീ. പുളിമാന ഉപയോഗിച്ചു ഞാൻ കേട്ടിട്ടില്ല. എങ്കിലും, വർഗ്ഗബോധത്തിന്റെ അടിസ്ഥാനമായ മാനസികപശ്ചാത്തലം അദ്ദേഹം മനസ്സിലാക്കിയിരുന്നു. സ്നേഹവും വെറുപ്പും ഒരു നാണയത്തിന്റെ ഇരുവശങ്ങളാണെന്നു മനസ്സിലാക്കിയ ചുരുക്കം ചിലരിലൊരാളായിരുന്നു അദ്ദേഹം. വെറുക്കാൻകഴിയാത്തവനു സ്നേഹിക്കാൻ കഴിയുകയില്ല. ഉദാഹരണം വേണമെങ്കിൽ യെറുശലേം ദേവാലയത്തിലേയ്ക്കു നോക്കൂ. സ്നേഹത്തിന്റെ പ്രവാചകർ ചമ്മട്ടിയുമായിനിന്നു ചീറുന്നത് അവിടെ കാണാം. മനുഷ്യനോടു സ്നേഹമുണ്ടെന്നു ഭാവിക്കുന്നവന്റെ ആത്മാർത്ഥതയെ അളക്കുന്നത് അവൻ മനുഷ്യന്റെ രക്തം കുടിച്ചു ചീർക്കുന്ന കണ്ണട്ടകളെ വെറുക്കുന്നുണ്ടോ എന്നു നോക്കിയിട്ടാണ്. പുളിമാനയുടെ സമത്വവാദിക്ക് ഇങ്ങനെ വെറുക്കുവാനുള്ള ശക്തിയില്ല. അതുകൊണ്ടുതന്നെ അയാളുടെ സമത്വവാദവും അവശേഷിക്കുവാനുള്ള അവകാശവും പരാജയപ്പെടുന്നു. ഇത്രയുമെല്ലാം മനസ്സിലാക്കിയ നാടകകൃത്ത് വിപ്ലവത്തിന്റെ യഥാർത്ഥരൂപവും, വിപ്ലവാനന്തരലോകസൃഷ്ടിയിൽ തൊഴിലാളിവർഗ്ഗത്തിന്റെ കർമ്മകർത്തവ്യങ്ങളും ഗ്രഹിച്ചിരിക്കുമെന്നാണെന്റെ അഭ്യൂഹം.

ശ്രീ. പുളിമാന, പരിവർത്തനത്തിന്റെ സാമൂഹ്യസ്വഭാവം മാത്രമല്ല കണ്ടതു്. അതിന്റെ താത്ത്വികപ്രതിഫലങ്ങളും അദ്ദേഹത്തിനു വ്യക്തമായിരുന്നു. ഒരു പുതിയ വ്യവസ്ഥിതിക്കു ഒരു പുതിയ സന്മാർഗ്ഗബോധമുണ്ട്. അതു സ്വീകരിക്കാൻ കഴിവില്ലാതെ വരുന്നതും പരാജയത്തിന്റെ കാരണമാണ്. "സമത്വവാദി" പഴയതിനും പുതിയതിനും മദ്ധ്യേ വീഴുകയാണ്. മറ്റൊരു രംഗത്താണെങ്കിലും; മൂത്തമകളും തഥൈവ. പഴയലോകത്തിലെ കടപ്പാടുകൾവെച്ചുപുലർത്താനാണ് ആ യുവതി പരിശ്രമിക്കുന്നത്. ആദർശശാലിയായ കമിതാവിനോടുള്ള സ്നേഹവും, പിതൃഭക്തിയും തമ്മിൽ ഇടയുന്നു. ഒടുവിൽ ഒന്നും സാധിക്കാതെ ഒരു മുഷിപ്പൻ ജീവിതത്തിലേയ്ക്ക് ഇഴഞ്ഞിറങ്ങുന്നു. ആചാരം, മതം, പ്രണയം ഇവയിലെല്ലാം മൂത്തമകൾ മരിച്ച ഒരു ലോകത്തിൽ വിശ്വസിക്കുകയും, മറ്റൊരു ലോകത്തിൽ ജീവിക്കുകയും ചെയ്യുന്നു. അതുകൊണ്ട് അവൾക്ക് എല്ലാംവിട്ടു കാമുകനെ സ്നേഹിക്കാൻ കഴിയുന്നില്ല സമത്വവാദി ഒരു വിപ്ലവകാരിയാണെന്നു സ്വയം ഭ്രമിക്കുന്നു. മൂത്തമകൾ പ്രേമവതിയാണെന്നു സ്വയം വ്യാമോഹിക്കുകയും ചെയ്യുന്നു: രണ്ടുപേർക്കും പരാജയം അലംഘനീയമായ പ്രതിഫലമാണ്.

ഇത്രയും പറഞ്ഞതുകൊണ്ടു കഥയിൽ അവശേഷിക്കുന്ന ഇതരപാത്രങ്ങൾ ആണു ജയിക്കുന്നതെന്ന് ആരും വിചാരിക്കേണ്ടതില്ല. അവരെയൊന്നും ആദർശപാത്രങ്ങളാക്കത്തക്ക മൗഢ്യം നാടകകൃത്തിനുണ്ടായിരുന്നില്ല. പോരെങ്കിൽ ആ ബാരിസ്റ്ററും, ഇളയമകളും, പ്രതിശ്രുതനുമെല്ലാം ചില മാതൃകകളാണ്. യാതൊരു ആദർശവുമില്ലാതെ പ്രായോഗികജീവിതത്തിൽ വിജയികളാകുന്ന അനേകർ സമുദായത്തിലുണ്ട്. ഭർത്താക്കന്മാരെ സമ്പാദിക്കാൻ കഴിവുള്ള യുവതികളും ഭാര്യാദാസന്മാരായി കഴിവാനിഷ്ടപ്പെടുന്ന സുന്ദരവിഡ്ഢികളും, ഭർത്താവുദ്യോഗത്തിന് അപേക്ഷയുമായി നടക്കുന്ന കേസില്ലാവക്കീലന്മാരും എല്ലാം ശ്രീ. പുളിമാന കണ്ടിട്ടുള്ള രൂപങ്ങളാണ്. അവരാരും വിജയിക്കുന്നില്ല. കിട്ടിയതുകൊണ്ടു തൃപ്തിപ്പെട്ട സമുദായത്തിന്റെ ചവിട്ടുമെത്തകളായി അവർ അവശേഷിക്കുക മാത്രമാണ്.

മറ്റൊന്നുകൂടി പറയുവാൻ ശ്രീ. പുളിമാന ആഗ്രഹിച്ചു. അത് അദ്ദേഹം വളരെ വിജയപ്രദമായി നിർവഹിക്കുകയും ചെയ്തു. ദുരന്തങ്ങളെല്ലാം വ്യക്തിപരമാണെന്നതാണത്. ഗാന്ധിജി മരിച്ചാലും പ്രകൃതിയുടെ യാതൊരു ചടങ്ങും മുടങ്ങുന്നില്ല. അതു നിർവിഘ്നം നടന്നുകൊണ്ടിരിക്കും. "സമത്വവാദി"ക്കെന്തെങ്കിലും സംഭവിക്കട്ടെ. മറ്റുള്ളവർ, നിരങ്ങിയാണെങ്കിലും മുന്നോട്ടുതന്നെ നീങ്ങിക്കൊണ്ടിരിക്കും.

"സമത്വവാദി"യുടെ റെറ്റക്നിക്കിനെപ്പറ്റിയും ഒന്നു മനസ്സിലാക്കേണ്ടതുണ്ട്. ഇതൊരു റിയലിസ്റ്റ് നാടകമല്ല. ആണെന്നുള്ള തെറ്റിദ്ധാരണയിൽനിന്നാണു പല വിമർശനങ്ങളും പുറപ്പെട്ടിട്ടുള്ളതു്. ഇതൊരു എക്സ്പ്രഷനിസ്റ്റ് നാടകമാണ്. ഒരു പാത്രത്തിനും പേരുകൾ കൊടുത്തിട്ടില്ലെന്നുള്ളതു പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. അവരെല്ലാം ഓരോ ആശയത്തിന്റെ പ്രതിരൂപങ്ങളാണ്, സാധാരണവ്യക്തികളല്ല. അതുകൊണ്ട് അവരിൽ പ്രത്യേക വ്യക്തിത്വത്തിന്റെ സ്വഭാവങ്ങൾ ഒന്നും കാണുകയില്ല. ഒരു ആശയത്തിന്റെ പ്രധാനഘടകങ്ങളായിരിക്കും അവരിൽ നിഴലിക്കുന്നതും. അതുതന്നെയായിരിക്കും അവരുടെ സംഭാഷണങ്ങളിൽ പ്രകടിപ്പിക്കപ്പെടുന്നതും. ഇതുകൊണ്ട് ഒരു ഗുണവും ഒരു ദോഷവും ഉണ്ടായിട്ടുണ്ട്. മെലോഡ്രാമാ അല്പം കൂടുതലായിപ്പോയി എന്നതാണ് ദോഷം. പക്ഷേ, ഇത്തരത്തിലുള്ള ഒരു നാടകത്തിൽ മെലോഡ്രാമാ അല്പമധികമായാലും വലിയ തെറ്റില്ല. ഗുണമെന്നു പറഞ്ഞത് അതിലെ സംഭാഷണരീതിയുടെ മെച്ചമാണ്. അർത്ഥഗർഭമായ ചെറിയ ചെറിയ വാചകങ്ങൾ മണിനാദംപോലെ പ്രതിദ്ധ്വനിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ശ്രീ. പുളിമാനയുടെ വിജയം മലയാളത്തിൽ മറ്റൊരു നാടകകൃത്തിനും ലഭിച്ചിട്ടില്ലെന്നു നിസ്സംശയം പറയാം. പറഞ്ഞതിന്റെ പത്തിരട്ടി ഗ്രഹിക്കുവാനുള്ള സംഭാഷണമാണു സമത്വവാദിയിലേതു്. ധ്വന്യാത്മകത്വം ദഹിക്കാത്തവർക്ക് അവയെല്ലാം നിരർത്ഥകജല്പനങ്ങളുമായിരിക്കും. അതു ശ്രീ. പുളിമാനയുടെ പരാജയമല്ല, വിജയമാണ്. ശ്രീ. പുളിമാന ഒരു കവിയുംകൂടിയായിരുന്നുവെന്നു "സമത്വവാദി"യിലെ പല ഭാഗങ്ങളും തെളിയിക്കുന്നുണ്ട്. റിയലിസ്റ്റിന്റെ വീക്ഷണകോണത്തിൽനിന്നു "സമത്വവാദി"യെ പരിശോധിക്കരുതെന്നു പറയുന്നതിന്റെ പ്രധാന കാരണം, ആ പ്രേതത്തിന്റെ പ്രവേശനമാണ്. ആദ്യം മുതല്ക്കേ വിങ്ങിനില്ക്കുന്ന അന്തരീക്ഷത്തിൽ തീപിടിപ്പിക്കുന്ന ഒരു ദീപശിഖയാണ് ആ പ്രേതം. അതുതന്നെയാണ് ആ നാടകത്തിന്റെ മർമ്മവും. "സമത്വവാദി"യുടെ വഴിപിഴച്ച പ്രവർത്തനങ്ങളുടെ പരാജയത്തിന്റെ സിംബലാണ് ആ പ്രേതം.

സമത്വവാദിയിലെ ചിന്താഗതി അതിഗഹനവും വിസ്തൃതവുമാണ്. ജീവിതത്തിന്റെ ആത്യന്തികപ്രശ്നങ്ങളിലേയ്ക്കു എത്തിനോക്കൽ ശ്രീ. പുളിമാന നിർവഹിച്ചിരിക്കുന്നു. ഈ ഗംഭീരമായ പശ്ചാത്തലത്തിന്റെ അന്തസ്സിനു യോജിച്ച ഫലിതം പ്രയോഗിക്കാൻ കഴിഞ്ഞുവെന്നതു് നാടകകൃത്തിന്റെ മറ്റൊരു വിജയമാണ്. അവയിൽ ചിരിക്കാനുണ്ട്. പക്ഷേ, ആ ചിരിയൊന്നും ഒരു വിഡ്ഢിയുടെ പൊട്ടിച്ചിരിയായിരിക്കുകയില്ല. നേരേമറിച്ചു കണ്ണീരിൽ കുളിച്ച ശാന്തമായ പുഞ്ചിരികളായിരിക്കും. സമത്വവാദിയിലെ പ്രേമകഥയുടെ സവിശേഷമായ ശ്രദ്ധയെ ആകർഷിക്കുന്നുണ്ട്. പ്രേമത്തെപ്പറ്റി ബാരിസ്റ്ററുടെ നിർവികാരമായ പ്രസംഗങ്ങൾ യാഥാർത്ഥ്യത്തിന്റ പുളി നിറഞ്ഞ നെല്ലിക്കകളാണ്. മൂത്തമകളും ഇളയമകളും സമത്വവാദിയും ബാരിസ്റ്ററുടെ പ്രേമലാബറട്ടറിയിലെ പരീക്ഷണവസ്തുക്കളുമാണ്. അതോടൊപ്പംതന്നെ സമത്വവാദിയിലെ പ്രേമകഥയ്ക്കു അതിരുകവിഞ്ഞ പ്രാധാന്യം കൊടുക്കാതിരിക്കുവാനും നാടകകൃത്ത് പരിശ്രമിച്ചിട്ടുണ്ട്. അതു പ്രധാനപ്രമേയത്തിൽ കൂടുതൽ വ്യക്തമായി കാണിക്കാൻ ഉപകരിക്കുകയും ചെയ്യുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ വായിക്കാനും അഭിനയിക്കാനും മാതമല്ല, ചിന്തിക്കാൻകൂടി കൊള്ളാവുന്ന ഒരു നാടകമാണ് "സമത്വവാദി."

ശ്രീ. പുളിമാന മരിച്ചുപോയി. "സമത്വവാദി"യെങ്കിലും മരിക്കാതിരിക്കട്ടെ.

മംഗളോദയം ഫെബ്രുവരി 1942.

വിലയിരുത്തൽ 1951.

□

## സി. ജെ. തോമസ്



മലയാളഭാഷയിലെ ഒരു നാടകകൃത്തും സാഹിത്യ നിരൂപകനുമായിരുന്ന സി. ജെ. തോമസ് (നവംബർ 14, 1918–ജൂലൈ 14, 1960) എന്നറിയപ്പെടുന്ന ചൊള്ളമ്പേൽ യോഹന്നാൻ തോമസ്. മലയാള നാടകസാഹിത്യത്തെ ആധുനിക ഘട്ടത്തിലെത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഇദ്ദേഹം പത്രപ്രവർത്തകൻ, ചിത്രകാരൻ എന്നീ നിലകളിലും അറിയപ്പെട്ടിരുന്നു.

1918-ൽ കൂത്താട്ടുകുളത്തെ പ്രമുഖ ക്രിസ്തീയ വൈദികന്റെ മകനായി ജനിച്ച സി. ജെ. വൈദിക വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് ളോഹ ഉപേക്ഷിച്ച് തിരിച്ചുപോന്ന് വിപ്ലവം സൃഷ്ടിച്ചു. രണ്ട് വർഷക്കാലം വടകര സെന്റ് ജോൺസ് ഹൈസ്കൂളിലും തുടർന്ന് എം. പി. പോൾസ് കോളേജിലും അധ്യാപകനായി ജോലിനോക്കിയിരുന്ന അദ്ദേഹം പിന്നീട് അവസാനം വരെ പത്രപ്രവർത്തനരംഗത്ത് സജീവമായിരുന്നു. സാഹിത്യ പ്രവർത്തക സഹകരണസംഘം, ആകാശവാണി, ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റ് എന്നിവയിലും പ്രവർത്തിച്ചു.

സാഹിത്യ പ്രവർത്തക സഹകരണസംഘം വക പുസ്തകങ്ങളുടെ പുറംചട്ടകൾക്ക് അത്യധികം ആകർഷകങ്ങളായ ചിത്രങ്ങൾ വരച്ച് മലയാള പുസ്തകങ്ങളുടെ പുറംചട്ട രൂപകല്പനയുടെ രംഗത്ത് മാറ്റങ്ങളുടെ തുടക്കം കുറിച്ചത് സി. ജെ.-യാണ്.

പ്രസിദ്ധ സാഹിത്യകാരനായിരുന്ന എം. പി. പോളിന്റെ മൂത്ത പുത്രി റോസിയെയാണ് വിവാഹം ചെയ്തത്. റോസി തോമസ് സി. ജെ.-യുടെ മരണശേഷം അറിയപ്പെടുന്ന സാഹിത്യകാരിയായി.

പ്രശസ്ത കവയിത്രി മേരി ജോൺ കൂത്താട്ടുകുളം സി. ജെ. തോമസിന്റെ മൂത്ത സഹോദരിയായിരുന്നു. 1960 ജൂലൈ 14-ന് 42-ാം വയസ്സിൽ സി. ജെ. അന്തരിച്ചു.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.